**Disciples panicked because they feared the storm would destroy them as Jesus was asleep. It will happen in our lives too when problems like sickness come we feel we are left out.**

## How to face storm?

Pray God to give power and guidance through Holy Spirit. Take your mind off from storm and face it with courage believing our God will never forsake or desert us. I remember the nursery song, "I will walk in the rain if it comes". Remember rain will stop one day. Remember past blessings and count them one by one and praise God. "Rejoice always, pray continually, give thanks in all circumstances; for this is God's will for you in Christ Jesus" (1 Thessalonians 5:16-18)

## How to overcome storm?

Believe whirlwinds are real and Jesus is with us in our boat. Our Lord permits storm with a purpose and Satan has no power. Never lose faith in our God, do not complain or murmur. Keep good testimony in the midst of

sufferings as our forefathers and martyrs did.

Look unto Jesus and not the whirlwind. Believe He holds our hand. His leading is better than light in the dark.

Continue our work believing will hear the voice of our Lord at the end. Sometimes storms may not be removed but let Holy Spirit be our guide. We are in the hand of God Psalms 31:14, Isaiah 49:15.

There is a fable that when birds were created there were no wings and one day God called all birds and gave them wings bigger than their size. They were afraid to carry those big wings. But as they carried the wings, they found those great wings could make them fly higher and higher. (Isaiah 40:31)

Prayer is the best weapon to overcome all kinds of whirlwinds. Storms are for making us all right Ephesians 5:27. Soft trained kids find difficult to live in this hard world but hard trained kids overcome all problems and hardships of this world. There are angles to protect us if we sail with the command and with the Lord.

We must understand who our Lord is. He is the Son of God and He is God

Remember one day we will exchange all our crosses for crowns. No cross, no crown. We are not princes but soldiers and cross bearers. Our model and Lord is the One who bore cross. Storms do not shake us but prove who we are. Never forget the word of God.

Pharaoh killed boys and hence Moses was put in a wicker basket and put among the reeds by the bank of the Nile. Princess came and because child was handsome she took him to the palace. He was educated in all the learning of the Egyptians and got training to take the Children of Israel through the desert for 40 years. Storms are training for God's children

Never fear any calamity or force except God. Horatio Stafford's real estate and holdings were wiped out by Chicago fire in 1871. His wife with four daughters went to England for Moody's evangelistic campaign. His daughters died when their ship sank leaving only his wife. He stll sang: "It is well with my soul". It is real Christian life. Rejoice in all circumstances of life.

Disciples were expert fishermen and the Sea of Galilee was their place of employment and they usually experienced natural storms. It is believed Satan was behind the storm for one reason. Jesus was going to other side of Galilee to cast out the unclean spirit, Legion (Mark 5:1,9) and the demonic forces might have tried to destroy Jesus.

Other reason might be that Satan might have thought of killing Jesus by the storm so that His death on the Cross for redemption of mankind and destruction of Satan's kingdom could be avoided. Satan tried to destroy Jesus by premature death at the Garden of Gethsemane and His sweat became like drops of blood falling down upon the ground. Jesus prayed and God sent an angel and strengthened him (Luke 22:43-44, Hebrews 5:7).

Eventually Jesus rebuked the wind and the sea, the wind died down and became perfectly calm.

We need not worry about any storms in our life as long as Jesus is with us in our life boat and the Holy Spirit guides us. We should live and worship God in the power of Holy Spirit. Never forget the fact that we are in the presence of God always as long as we are His children. He loves us.

A ship is safe at harbour but it is built to sail in the sea.

A Christian is called to bear cross and follow the Master in the thick and thin, reflecting the character of Christ till he hears the sweet voice of his master, **"well done my faithful servant".**

**Remember one day we will exchange all our crosses for crowns. No cross, no crown. We are not princes but soldiers and cross bearers. Our model and Lord is the One who bore cross. Storms do not shake us but prove who we are. Never forget the word of God.**

## Quotes from Rev. Watchman Nee

*"I do not consecrate myself to be a missionary or a preacher. I consecrate myself to God to do His will where I am, be it in school, office, or kitchen, or wherever He may, in His wisdom, send me"*

"If you would test the character of anything, you only need to enquire whether that thing leads you to God or away from God"

*"Good is not always God's will, but God's will is always good"*

"The 'flesh' is too bad to be cleansed; it must be crucified"

*"There is nothing more tragic than to come to the end of life and know we have been on the wrong course"*



**Watchman Nee**

# Children's corner

## "Trinitarian pattern of prayer"



"Let the little children come to me and do not hinder them"



Juby Anoop, UK

Imagine a talented student who has been invited to perform a special piece of music for the headteacher of the school. The performance is to take place not in the assembly hall, but in the headteacher's own office - a place of honour and authority.

Now, the student cannot simply walk into the office unannounced and request an audience with the headteacher. School protocol does not work that way. Instead, the student's class teacher speaks to the headteacher on the student's behalf, arranges the meeting, and personally escorts the student into the office. Because of the class teacher's relationship with the headteacher, the student is welcomed and given the opportunity to perform.

However, as the moment approaches, the student begins to feel nervous. What if the words of the song are forgotten? What if the musician loses confidence or cannot remember the next notes? To help, the music teacher accompanies the student into the room. Throughout the performance, the music teacher stands nearby, offering guidance, encouragement, and gentle reminders whenever needed. With such support, the student is able to perform confidently and successfully.

This simple story provides a helpful illustration of how to pray and the Triune God.

The headteacher represents God the Father. He is the One to whom our prayers are directed. Just as the student performs before the headteacher, believers bring their worship, thanksgiving, praise, and requests before the Father.

The class teacher represents Jesus Christ, the Son. Because of His saving work, we are given access to the Father. We do not approach God based on our own merit, but through the name and authority of Jesus, who brings us into the Father's presence.

The Bible describes Jesus as our great High Priest. Hebrews 4:14-16 says: *"Since then we have a great high priest who has passed through the heavens, Jesus, the Son of God, let us hold fast our confession. For we do not have a high priest who is unable to sympathize with our weaknesses, but one who in every respect has been tempted as we are, yet without sin. Let us then with confidence draw near to the throne of grace".*

Just as the class teacher in our story personally escorts the student into the headteacher's office, Jesus brings believers before the Father. Yet He does even more than that. Because He became fully human, experienced temptation, and understands our weaknesses, He sympathises with us in our struggles. Therefore, we can approach God's throne with confidence, knowing that Jesus has made the way open for us and intercedes for us before the Father.

The music teacher represents the Holy Spirit. The Spirit remains with believers, helping them when they do not know what to say, strengthening them when they feel weak, and guiding them in prayer. Just as the music teacher gently prompts the student when the next line or note is forgotten, the Holy Spirit assists Christians when they struggle to pray.

The Apostle Paul highlights this role in Ephesians 6:18, instructing believers to be *"praying at all times in the Spirit"*. Likewise, Jude 1:20 encourages Christians to be *"building yourselves up in your most holy faith and praying in the Holy Spirit".* The Holy Spirit is not merely an observer but an active helper who empowers and guides believers as they come before God.

Therefore, the Bible presents a beautiful Trinitarian pattern for prayer: We pray to the Father, through the Son, in the power of the Holy Spirit.

Just as the student could confidently enter the headteacher's office because of the help and support provided by the teachers, Christians can confidently approach God because of the work of the Trinity. The Father graciously receives our prayers, the Son opens the way into His presence, and the Holy Spirit helps us as we pray.

*Moral:*

Prayer is not something we do alone. God, in His grace, has provided everything necessary for us to come into His presence. Through Jesus Christ we are welcomed before the Father, and through the Holy Spirit we are strengthened and guided in our prayers. Therefore, Christians can approach God with confidence, humility, and trust.

Youth Forum

# Be Still:
## *Finding Peace in God's Presence*

**"Be still, and know that I am God" (Psalm 46:10 )**



**Mebina Alexander Abraham**

Life can feel overwhelming at times. Our minds are filled with worries about the future, the pressure to keep going, and the constant noise of the world around us. It's easy to feel anxious and restless when things don't seem to be in our control.

In the middle of all this, the Bible gives us a simple yet powerful invitation:

*"Be still, and know that I am God" (Psalm 46:10).*

These words remind us that we don't always have to fight, plan, or figure everything out on our own. Stillness doesn't mean that we give up; it means we pause and trust that God is at work, even when we can't see it. It is an invitation to stop striving for a moment and rest in the assurance that God holds our lives in His hands.

When we learn to be still, our hearts find peace. We begin to realise that we are not alone in our struggles and we don't have to carry every burden by ourselves. As we hold our thoughts and spend time in God's presence - whether through prayer, reading His Word, or simply sitting in silence - we give Him space to fill us with His strength and guide us with His wisdom.

Being still is not always easy in a busy world. But even a few minutes a day to pause, breathe and focus on God, can change the way we see our challenges. It reminds us that He is bigger than our fears, greater than our problems and faithful through every season of life.

*So today, let us take a moment. Let go of the noise and worries. Be still & let God's peace fill our heart.*

### Healing of Jairus Daughter



**Jiana Jerin**
**Dubai**



### Jonah and the Whale





**Issac George**
**Oommen**

### The Lord is my Shepherd I shall not want





**Samuell**
**Mathew Oommen**
**Mumbai**

### The Bible - The Word of God





**Elizabeth Susan**
**Oommen**

# आत्मिक अंधेपन और बहरेपन का उपाय

**पास्टर अमित गुरनानी, मुंबई.**



पवित्र शास्त्र के विद्यार्थी होने के नाते, हम जानते हैं कि पाप के द्वारा मृत्यु आई। मृत्यु का मतलब परमेश्वर ने मनुष्य को दिया हुआ जीवन उसने खो दिया। यानी कि जीवन का नुकसान होना। एक जीवित व्यक्ति सुन सकता है, देख सकता है, महसूस कर सकता है, उसे दर्द होता है; उसके भीतर भावनाएं होती है जिससे वह आनंद मनाता, दुःख मनाता, इत्यादि बातें एक जीवन रखने वाले मनुष्य में होती है। परंतु एक मृत्यु पाए हुए व्यक्ति में यह कुछ भी क्रिया नहीं होती। अदन वाटिका में मनुष्य की आंखें पाप करने से खुल गई और वह मन से समझ गया कि वह नंगा है क्योंकि जो अब तक बुराई को नहीं समझ पाता था, फल खाने के पश्चात वह उसे समझने लगा। जब हवा ने सर्प की बातें सुनने के लिए कान लगाया तब उसके लिए सर्प की बातें परमेश्वर की आज्ञा से बढ़कर हो गई। परमेश्वर ने अब्राहम के द्वारा इस्राएल को चुना कि वे उसकी वाणी सुनें और उसके कार्यों को देखें और मन में उसका ज्ञान रखें। परंतु आध्यात्मिक सच्चाई और परमेश्वर के कार्यों के प्रति वे अंधे, बहरे और अज्ञानी हो गये। इसलिए यशायाह ने उनके अंधेपन और बहरेपन और मन में ना समझी के विषय में उलाहना दिया है (यशा.६:९,१०; २९:१०; ४२:१८-२०), जिसका उदाहरण लेते हुए यीशु और पौलुस ने भी यहूदियों को झिड़का है (मती.१३:१०-१७; यूहन्ना.१२:३७-४३; प्रेरितों.२८:२४-२९; रो.११:८)।

प्रभु यीशु पृथ्वी पर रहते समय, लोग उसके किए हुए चिन्ह चमत्कारों और उसके उपदेश को एक तो समझते न थे या उसको दूसरे अर्थ में लिया करते थे, जिसे धर्मशास्त्र की दृष्टि से (िंहशेश्रेसळलरश्रश्रू) कहा जाए तो गलत अर्थ में लेना (ाळीळपींशीशिींरींळेप)। चाहे वह देह के मंदिर, नए जन्म, जीवन के जल, जीवन की रोटी, पुनरुत्थान के विषय में हो (यूहन्ना.२:१९-२१; ३:४; ४:११; ६:५१...; ११:११-१३)। जगत ने अपने सृष्टिकर्ता को न पहचाना और यहूदियों ने, जो उसका घर है, उसे ग्रहण न किया (यूहन्ना.१:१०,११)। यहूदी और अन्यजाति जब यीशु को क्रूस पर चढ़ा रहे थे, न जानते थे कि वे क्या कर रहे हैं (लूका.२३:३४)। पतरस भी कहता है कि उन्होंने जो कुछ भी किया अपनी अज्ञानता में किया (प्रेरितों.३:१७)। वे सब परमेश्वर की बातों में अंधे, बहरे और मन में अज्ञानी थे। अंधकार में रहते हुए ज्योति की बातें न समझते थे। आंखें रहते हुए नहीं देखते, कान रहते हुए नहीं सुनते और न मन से समझते थे।

विश्वासी कलीसिया जितना सांसारिक होती जाती है और सांसारिक बातों को अपनाती है, उतना ही परमेश्वर के विषय में अंधे होते जाती है या उन्हें आत्मिक धुंधलापन होना आरंभ होता है जिससे वे आसानी से परमेश्वर की बातों को देख नहीं पाते और उन्हें टटोलना पड़ता है और जिस कारण उन्हें परमेश्वर की बातों पर विश्वास नहीं परंतु प्रश्न आरंभ होता है।

यदि बीमारी है तो उपचार चाहिए, कष्ट है तो कष्ट-निवारण चाहिए, मुश्किल में उपाय चाहिए। लौदीकिया की कलीसिया को यीशु का संदेश था कि तू अभागा और तुच्छ और कंगाल और अंधा और नंगा है और उन्हें सम्मति देता है कि वे उससे आग में ताया हुआ सोना मोल लें कि धनी हो जाएं, नंगेपन की लज्ञा न हो इसलिए उससे श्वेत वस्त्र लेकर पहन लें और आंखों से दिखने के लिए सुरमा लेकर लगाएं (प्रकाशित.३:१५-२२)। उपचार, उपाय, कष्ट-निवारण प्रभु के पास ही है।

**प्रभु की ओर फिरना (२कुरि.३:१६)**

इस्राएली मतिमन्द हो गए क्योंकि पुराना नियम पढ़ते समय उनके हृदयों पर मूसा के चेहरे वाला पर्दा पड़ा रहता है और यह पर्दा मसीह में उठ जाता है इसलिए जब कभी उनका हृदय प्रभु की ओर फिरेगा तो यह पर्दा उठ जाएगा। प्रभु उन्हें स्वतंत्र करेगा और मूसा के चेहरे से घटने वाली महिमा के समान नहीं बल्कि सबके उघाड़े चेहरे से प्रभु का प्रताप प्रकट होगा और उसके तेजस्वी रूप में अंश अंश करके बदलते जाते हैं (२कुरि.३:१२-१८)।

शैतान ने जिस प्रकार हवा को परमेश्वर की आज्ञा के विषय में अंधा कर दिया, इसी प्रकार मसीह के तेजोमय सुसमाचार का प्रकाश लोगों पर न चमके, उसने अविश्वासियों की बुद्धि अंधी कर दी है। इसलिए परमेश्वर ही है, जो हमारे हृदय में ज्योति चमका सकता है (२कुरि.४:३-६)।

**ईश्वरीय प्रकाशन (इफि.१:१७,१८)**

परमेश्वर ही है जो हमें आध्यात्मिक प्रकाशन दे सकता है। प्रार्थना यह बताती है कि हम हर बात के लिए पूरी तौर से परमेश्वर पर ही आधारित है और परमेश्वर भी अपने आधार लेने वालों पर जो उसकी ओर आते हैं, अपना प्रकाश देता है। पौलुस भी इफिसुस की कलीसिया के विश्वासियों के लिए प्रार्थना करता है कि परमेश्वर उन्हें अपनी पहचान में ज्ञान और प्रकाशन की आत्मा दे और उनके मन की आंखें ज्योतिर्मय हों। परमेश्वर की पहचान, परमेश्वर के संबंध की बातों और उसने ठहराई हुई महिमा की बातों के लिए, वह हममें ज्ञान और प्रकाशन देता है। प्रकाशन का अर्थ ही यह है, 'पर्दा उठ जाना' या 'बेपरद होना'।

परमेश्वर ही है जिसने यिर्मयाह से कहा, मुझसे प्रार्थना कर और मैं तेरी सुनकर तुझे बड़ी-बड़ी और कठिन बातें बताऊंगा जिन्हें तू अभी नहीं समझता। यहोशू और दाऊद भी जब परिस्थितियां गंभीर थी और इस्राएल पर विपत्ति का कारण कौन और क्यों है जानने के लिए, प्रार्थना के द्वारा परमेश्वर पर निर्भर होकर उससे प्रकाशन पाया (यहोशू.७:१; २ शमू.२१:१)।

**वचन (रो.१०:१४-१७; भ.सं.११९:१८)**

परमेश्वर के भक्त की प्रार्थना है, मेरी आंखें खोल दे कि मैं तेरी व्यवस्था की अद्भुत बातें देख सकूं। परमेश्वर के वचन में अद्भुत रहस्य छुपे हुए हैं, यदि हम पूरे समर्पण के साथ परमेश्वर की उपस्थिति में पूरी गंभीरता से अध्ययन करें तो परमेश्वर भी अपने पवित्र आत्मा के द्वारा वचन के भेद को हम पर प्रकाशित करता है। हमारी आंखें उसके वचन के लिए खुलनी चाहिए। परमेश्वर प्रचारकों को खड़ा करता है कि वे विश्वास के वचन का प्रचार करें। परमेश्वर प्रचारकों को भेजता है, प्रचारक वचन का प्रचार करते हैं और फल स्वरुप वचन सुनने वालों में विश्वास उत्पन्न करता है।

भीड़ प्रभु यीशु मसीह के वचन या दृष्टांत को नहीं समझ पाती थी। स्वर्ग के राज्य के भेदों को समझ पाना भी परमेश्वर की ओर से वरदान है। इसलिए प्रभु यीशु अपने शिष्यों से कहते हैं, धन्य है तुम्हारी आंखें कि वे देखती हैं और तुम्हारे कान कि वे सुनते हैं (मती.१३:१०-१७)। सुने हुए वचन से हमें लाभ तभी होता है, जब वह वचन विश्वास से हमारे मन में बैठता है और वचन भी हमारे हृदय में तभी जगह पाता है, जब हमारे मन कठोर नहीं बल्कि उसको स्वीकार करने के लिए नम्र और दीन हो (इब्रा.४:२; कुलु.३:१६; याकूब.१:२१)। ●

അടിയൊഴുക്കുകൾ-12

# സ്വപ്നങ്ങൾ യാഥാർഥ്യങ്ങളാകുന്നു ...!!!



പാസ്റ്റർ സജി പീച്ചി

ദേശത്ത് ഗോതമ്പിന്റെയും യവത്തിന്റെയും വയലുകൾ വിളഞ്ഞ് കൊയ്ത്തിനു പാകമായ് കിടക്കുന്നു.

നൊവോമിയുടെ അടുക്കളയിൽ തീ പുകഞ്ഞിട്ട് നാളുകളായി.

എത്ര നാൾ ഇങ്ങനെ മുന്നോട്ട് പോകും..? അഭിമാനം നോക്കിയിരുന്നാൽ ഉദരം നിറയുമോ...? രൂത്ത് സ്വയം ചിന്തിച്ചു.

അവൾക്കൊരു സ്വപ്നമുണ്ടായിരുന്നു. ഇന്നല്ലെങ്കിൽ നാളെ ഈ ദാരിദ്ര്യവും പട്ടിണിയും മാറും. ദൈവം ഈ അവസ്ഥയ്ക്ക് ഭേദം വരുത്തും. സ്വപ്നങ്ങളുള്ളവർക്ക് മാത്രമേ ജീവിതത്തിൽ വിജയിക്കാനാവൂ. ഭാരതത്തിന്റെ പരമോന്നത പദവിയിലിരുന്ന മുൻ പ്രസിഡന്റും ശാസ്ത്രജ്ഞനുമായ ഡോ എ.പി.ജെ അബ്ദുൾ കലാം 25 ഓളം ഡോക്ടറേറ്റ് ഉള്ള വ്യക്തി ആയിരുന്നു.

തന്റെ അഗ്നിചിറകുകൾ എന്ന പുസ്തകത്തിൽ, മനുഷ്യർ സ്വപ്നങ്ങൾ കാണുന്നവരാകണമെന്ന് പറയുന്നു. സ്വപ്നങ്ങൾ യാഥാർഥ്യങ്ങളിലേക്ക് എത്തിക്കുന്നതാണ്. അദ്ദേഹം പറയുന്നു; ഉറക്കത്തിൽ കാണുന്നതല്ല യഥാർത്ഥ സ്വപ്നം. നിങ്ങളെയും എന്നെയും ഉറങ്ങാൻ അനുവദിക്കാത്തതാണ് യഥാർത്ഥ സ്വപ്നം.

ഇന്നല്ലെങ്കിൽ നാളെ ആ സ്വപ്നങ്ങൾക്ക് സാക്ഷാത്ക്കാരം സംഭവിക്കും. വയലുകളിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ചില കതിർ മണികളുണ്ട്. അനാഥനും ദരിദ്രനും പരദേശിക്കും അവകാശപ്പെട്ടതാണത്..!

രൂത്ത് ന്യായപ്രമാണ ഗ്രന്ഥത്തിൽ അത് വായിച്ചിട്ടുണ്ടായിരുന്നു. വയലുകളിൽ കതിർ പെറുക്കാൻ പോകുന്നതിന് അവൾ അമ്മാവിയമ്മയോട് അനുവാദം ചോദിച്ചു. അത്താഴത്തിനൽപ്പമെങ്കിലുമായാൽ തെല്ലോരാശ്വാസം ....!!

രൂത്ത് വീട്ടിൽ നിന്നിറങ്ങി. ആ യാത്ര ചെന്നവസാനിച്ചത് മഹാധനികനായ ബോവസിന്റെ വയലിലായിരുന്നു.

ബെത്‌ലെഹേമിലെ ധനാഢ്യനായിരുന്നു ബോവസ്. നോവോമിയുടെ ഭർത്താവ് എലീമേലെക്കിന്റെ കുടുംബക്കാരനും ബന്ധുവുമായിരുന്നു ബോവസ്.

കൊയ്ത്തുകാരുടെ സംസാരം അവളുടെ കർണ്ണപുടത്തിൽ അലയടിച്ചു.

കൊയ്ത്തുകാരുടെ സൂപ്പർവൈസർ അവളെ കണ്ടു. അവളുടെ പേരും വിശദവിവരങ്ങളും അയാൾ തിരക്ക-. എല്ലാറ്റിനും രൂത്ത് ഉത്തരം കൊടുത്തു. കതിർ പെറുക്കാൻ അനുവാദം കൊടുത്തു.

കൊയ്ത്തുകാരുടെ പിന്നാലെ നഷ്ടപ്പെട്ട ഓരോ കതിർമണികൾ രൂത്ത് സസൂക്ഷ്മം പെറുക്കിയെടുത്തു; അവളുടെ മനസ്സിൽ കനലെരിയുകയായിരുന്നു.

കഴിഞ്ഞ കാലങ്ങളിലെ ദുരന്ത കഥകൾ അവളുടെ അന്തരംഗത്തിൽ മിന്നിമറഞ്ഞു. ചുറ്റുപാടുകളൊന്നും അവൾ ശ്രദ്ധിച്ചതേയില്ല. അവളറിയാതെ അവളെ പലരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ബാല്യക്കാരും അവളുടെ മേനിയിൽ ദൃഷ്ടി വച്ചു.

അൽപ്പസമയം കഴിഞ്ഞപ്പോൾ ബോവസ് വയലിലെത്തി. മുൻപരിചയമില്ലാത്ത വ്യക്തിയെ ബോവസ് ശ്രദ്ധിച്ചു. വിശദാംശങ്ങൾ തിരക്കി. അതൊരു മോവാബ്യ യുവതിയാണെന്നും നോവോമിയുടെ കൂടെ പാർക്കുന്നുവെന്നും വിധവയാണെന്നുമുള്ള വസ്തുതകൾ കൊയ്ത്തുകാരുടെ മേലാളിൽ നിന്നും ബോവസ് മനസ്സിലാക്കി.

ബോവസ് രൂത്തിനെ അരികിലേക്ക് വിളിച്ചു. മോളെ....!

‘നീ ഇനി കതിർ പെറുക്കാൻ മറ്റൊരു വയലിൽ പോകേണ്ട..! ഈ വയലിൽ ബാല്യക്കാർ ആരും നിന്നെ ഉപദ്രവിക്കില്ല. ഞാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആരും നിന്നെ ശല്ല്യപ്പെടുത്തില്ല.

ഈ വയലിൽ നീ സുരക്ഷിതയാണ്. നിനക്ക് ദാഹിക്കുമ്പോൾ ബാല്ല്യക്കാർ കോരിവച്ചിട്ടുള്ള വെള്ളം കുടിക്കാം.

തന്റെ വേലക്കാരിൽ ഒരുവളല്ലെങ്കിലും രൂത്തിനോട് ബോവസ് കാണിച്ച കരുണയ്ക്കും ദയക്കും ആശ്വാസവാക്കുകൾക്കും പ്രത്യുപകാരമെന്നോണം ബോവസിന്റെ മുന്നിൽ രൂത്ത് സാഷ്ടാഗം വീണു നമസ്ക്കരിച്ചു . എല്ലാറ്റിനും നന്ദി പറഞ്ഞു.

ഭക്ഷണം കഴിക്കുന്ന നേരമായപ്പോൾ എല്ലാവരും ഭക്ഷണം കഴിക്കാൻ പോയി. അവൾ ഉച്ച ഭക്ഷണം കരുതിയില്ല. നല്ല വിശപ്പുണ്ടായിരുന്നെങ്കിലും ആരോടും അവൾ പറഞ്ഞില്ല.

ബോവസ് രൂത്തിനെ തന്നോടൊപ്പം ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. അവളെ അരികിലിരുത്തി അപ്പം കൊടുത്തു.

തന്റെ പാത്രത്തിലുള്ള കറിയുടെ ചാറിൽ അപ്പം മുക്കി കഴിച്ചു കൊള്ളാൻ പറഞ്ഞു. അവൾ ആർത്തിയോടെ ഭക്ഷണം കഴിക്കുന്നത് ബോവസ് നോക്കിയിരുന്നു.

തൃപ്തിയോടെ അവൾ ഭക്ഷണം കഴിച്ചു ബാക്കി ശേഷിപ്പിച്ചു. ദൈവീക പദ്ധതിയുടെ കരമാണ് ഇവിടെ കാണാൻ കഴിയുന്നത്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവം ഒരുക്കുന്നത് ഇപ്രകാരമാണ്. മതിയാവോളം ദൈവം കൊടുക്കും. തിന്നു ശേഷിപ്പിക്കുവോളം കൊടുക്കും.

യിസ്രായേൽ ജനത്തിന് ദൈവം ഭക്ഷണം കൊടുത്തത് തൃപ്തിയാകും വണ്ണമായിരുന്നു.

അവൻ അവർക്ക് ധാരാളം മഴ പെയ്യിച്ചു. വിശന്നിരുന്നവരെ നന്മയാൽ നിറച്ചു.

ഭക്ഷണം കഴിഞ്ഞ് അവൾ വയലിലേക്ക് മടങ്ങി പോകാൻ ഒരുങ്ങിയപ്പോൾ ബോവസ് ഒരു നിർദ്ദേശം രൂത്തിനു നൽകി.

നീ ഇനി കൊയ്ത്ത്കാരുടെ പിന്നിൽ പെറുക്കേണ്ട. കറ്റകളുടെ ഇടയി

# വിട്ടുപിരിയാത്ത ദൈവം



**പാസ്റ്റർ ബാബു ചെറിയാൻ**

രണ്ടു ദൂതന്മാർ വൈകുന്നേരത്തു സൊദോമിൽ എത്തി. ലോത്ത് സൊദോം പട്ടണ വാതിൽക്കൽ ഇരിക്കുകയായിരുന്നു അവരെ കണ്ടിട്ടു ലോത്ത് എഴുന്നേറ്റു എതിരേറ്റു ചെന്നു നിലംവരെ കുനിഞ്ഞു നമസ്കരിച്ചു (ഉൽപ. 19:1).

ഉൽപത്തി 13:14-ാമത്തെ വാക്യം ലോത്ത് അബ്രഹാമിനെ വിട്ട് പിരിഞ്ഞ ശേഷം യഹോവ അബ്രഹാമിനോട് അരുളിചെയ്തത് തലപൊക്കി നോക്കി നീ ഇരിക്കുന്ന സ്ഥലത്തു നിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമിയൊക്കെയും നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായിത്തീരും.

ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെയാക്കും ഭൂമിയിലെ പൊടിയെ എണ്ണാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം. നീ പുറപ്പെട്ട് ദേശത്ത് നെടുകയെയും കുറുകെയും സഞ്ചരിക്കുക. ഞാൻ അത് നിനക്ക് തരും. അപ്പോൾ അബ്രഹാം കൂടാരം നീക്കി ഹെബ്രോനിൽ മമ്രേയുടെ തോപ്പിൽ വന്ന് പറഞ്ഞു അവിടെ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു കൂടെയുണ്ടായിരുന്ന സഹോദരൻ ചെറിയ കാരണങ്ങൾ ഉണ്ടാക്കി പിരിഞ്ഞു ദൈവവഴിവിട്ട് പോയപ്പോൾ ദൈവം അബ്രഹാമിനെ സന്ദർശിച്ചു. ഇപ്പോൾ അബ്രഹാമിന് നഷ്ടം സംഭവിച്ചിരിക്കയാണ് ഒരു സഹോദര നഷ്ടവും സാമ്പത്തിക നഷ്ടവും എന്നാൽ നഷ്ടം നികത്താൻ നിന്റെ ദൈവം മതിയായവൻ. നിന്റെ ദൈവത്തിന് കഴിയും നീതിയോടും നേരോടും വിശ്വസ്തതയോടും കൂടെ ജീവിച്ചാൽ ചിലപ്പോൾ നഷ്ടം വന്നേക്കാം. പക്ഷേ ഒരു വർഷം കൊണ്ടോ പത്ത് വർഷം കൊണ്ടോ തീരുന്നതല്ല ജീവിതം.

ദൈവം അബ്രഹാമിനെ സന്ദർശിച്ചു. എപ്പോൾ? ലോത്ത് പിരിഞ്ഞപ്പോൾ. എന്താ കാര്യം? മനസ് വിങ്ങി വേദനിച്ച് ഇരിക്കുന്ന സമയമായതുകൊണ്ട് ദൈവം അവനെ സന്ദർശിച്ചു. പ്രിയപ്പെട്ടവരെ, ആരൊക്കെ വിട്ടുപിരിഞ്ഞാലും വിട്ടുപിരിയാത്ത ഒരു ദൈവം നമുക്കുണ്ട്. ലോത്ത് അബ്രഹാമിനെ വിട്ട് പിരിഞ്ഞപ്പോഴാണ് യഹോവ അബ്രഹാമിനോട് അരുളിചെയ്തത്. എന്നാൽ ലോത്തിനോട് ദൈവം അരുളിച്ചെയ്യുന്നില്ല. ദൈവവഴി വിട്ടുപോയാൽ ദൈവ സന്ദർശനവും ദൈവശബ്ദവും നഷ്ടപ്പെട്ടു പോകും. ആരാധനയുള്ള, പ്രാർത്ഥനയുള്ള ദൈവസാന്നിദ്ധ്യമുള്ള ദൈവശബ്ദമുള്ള അബ്രഹാമിനെ വിട്ട് പോകുന്നത് നല്ലതല്ല ദൈവശബ്ദം കേൾക്കാൻ എല്ലാവർക്കും കഴിയുന്നില്ല, കഴിയകയില്ല. അബ്രഹാം ഓരോ സ്റ്റെപ്പും വയ്ക്കുന്നത് ദൈവശബ്ദത്തിലാശ്രയിച്ചാണ്. ലോത്ത് പിരിഞ്ഞുപോയി. ലോത്തിന് സാമ്പത്തികമായി ഒത്തിരി നന്മകൾ ഉണ്ടായി. പക്ഷേ ദൈവശബ്ദമില്ലാത്ത ഒരു ജീവിതം, മനുഷ്യൻ സാമ്പത്തിക സൗകര്യമുണ്ടെങ്കിൽ പിന്നെ ദൈവശബ്ദം ഇല്ലെങ്കിലും കുഴപ്പമില്ലെന്ന് ചിന്തിക്കുന്നവരാണ്. അതു തന്നെയാണ് നമ്മുടെ പരാജയവും. ●

## സ്വപ്നങ്ങൾ യാഥാർഥ്യങ്ങളാകുന്നു ...

ൽ പെറുക്കിക്കോള്ളൂ...!

അവൻ അവളുടെ സ്ഥാനത്തിനും ഉയർച്ച കൊടുത്തു. അതൊരു പ്രമോഷനായിരുന്നു.

ബോവസ് ബാല്യക്കാരോടുപറഞ്ഞു. അവൾ കറ്റകളുടെ ഇടയിൽ പെറുക്കിക്കൊള്ളട്ടെ; അവളെ ആരും ശല്ല്യപ്പെടുത്തരുത്.

അവൾ പെറുക്കുന്ന കതിർ മണികൾക്ക് പഞ്ഞം ഉണ്ടാകരുത്. അതിനാൽ കറ്റകളിൽ നിന്നു ചിലത് അവൾക്കുവേണ്ടി വലിച്ചിട്ടേക്കേണം;ഒരു കാരണവശാലും അവളെ ശകാരിക്കയോ തർജ്ജനം ചെയ്യുകയോ അരുത്.

അവൾക്ക് ലഭിച്ച നന്മകൾ എന്തെല്ലാമാണ്..!

തൃപ്തിയാകുംവണ്ണം ഭക്ഷണം.

പിന്നിൽ നിന്ന് പെറുക്കിയവൾ കൊയ്ത്തുകാരുടെ ഇടയിൽ പെറുക്കാൻ അവസരം..! സ്ഥാന ചലനം..!

അതിലുപരി പ്രതീക്ഷിക്കാത്ത ചില നന്മയുടെ മണ്ഡലം കൂടി അവൾക്ക് വേണ്ടി തുറന്നു കൊടുത്തു.

നമ്മുടെ കർത്താവ് അവൻ വാരിവിതറി ദാരിദ്രന്മാർക്ക് കൊടുക്കുന്നവനാണ്... അവന്റെ കലവറയിൽ ഒരു നന്മയ്ക്കും കുറവില്ല.

രൂത്ത് അൽപ്പം പോലും സമയം പാഴാക്കിയില്ല. വൈകുന്നേരം വരെ പെറുക്കി. മെതിച്ചപ്പോൾ അവൾക്ക് ഒരു പറയോളം ധാന്യം ലഭിച്ചു. ലഭിച്ച യവവുമായി അവൾ പട്ടണത്തിലുള്ള അമ്മാവിയമ്മയുടെ അടുക്കലേക്ക് ഓടി. ബോവസ് വിളിച്ചതും അപ്പം കൊടുത്തതും താൻ മതിവരുവോളം തിന്നു ശേഷിപ്പിച്ചതുമെല്ലാം അവൾ പൊടിപ്പും തൊങ്ങലും വച്ച് ഒറ്റ ശ്വാസത്തിൽ അമ്മാവിയമ്മയോട് വിവരിച്ചു.

ഇതിനിടയിൽ തനിക്ക് ലഭിച്ച യവം എടുത്ത് അമ്മാവിയമ്മയെ ഏൽപ്പിച്ചു. നോവോമി പറഞ്ഞു.

ബോവസ് ദയയും കരുണയും വാത്സല്യവുമുള്ളവനാണ്.

നമ്മുടെ അടുത്ത ബന്ധക്കാരനും വീണ്ടെടുപ്പുകാരിൽ ഒരുത്തനുമാണ്. അതിനാൽ ഇനി മറ്റൊരു വയലിൽ പോകേണ്ട..! യവക്കൊയ്ത്തും കോതമ്പുകൊയ്ത്തും തീരുവോളം അവൾ ബോവസിൻെറ വയലിൽ പെറുക്കി. ബാല്യക്കാരത്തികളോടുചേർന്നിരിക്കയും അമ്മാവിയമ്മയോടുകൂടെ പാർക്കയും ചെയ്തു. (തുടരും) ●

What more would you like to see on the pages. Share your experience with us we would love to hear from you.

# ബർത്തലോമിയസ് സ്വീലാൻ ബർഗ്



**പാസ്റ്റർ വി.പി. ഫിലിപ്പ്**

ഇന്ത്യയിലെ ആദ്യത്തെ പ്രൊട്ടസ്റ്റന്റ് മിഷനറിയായത്തീർന്ന ബർത്തലോമിയസ് സ്വീഗൻബാൾഗ് 1682 ജൂൺ 10-ന് ജർമ്മനിയിലെ പൂൾസ്നിഡ്സിൽ ജനിച്ചു തന്റെ പിതാവ് ധനികനായ ഒരു ബിസിനസുകാരനായിരുന്നു. താൻ രോഗിയായിരുന്നുവെങ്കിലും വളരെ ആരോഗ്യമുള്ള ഒരു മനസ്സിനുടമയായിരുന്നു. ആത്മീയ കാര്യങ്ങളിൽ അതീവ താൽപരയായിരുന്ന തന്റെ മാതാവ് മരിക്കുന്നതിനു മുമ്പ് പറഞ്ഞ വാക്കുകളാണ് തന്നെ സ്വാധീനിച്ചത്. തന്റെ മാതാവ് മരിച്ച് രണ്ട് വർഷങ്ങൾക്ക് ശേഷം തന്റെ പിതാവും മരിച്ചു. അതിനടുത്ത വർഷം ഒരു സഹോദരിയും മരിച്ചു. തുടർച്ചയായി ഭവനത്തിൽ സംഭവിച്ച ഈ മരണങ്ങൾ തന്റെ ജീവിതത്തെ പിടിച്ചു കുലുക്കി. ഈ അവസരത്തിൽ താൻ ബൈബിൾ കൂടുതൽ പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സമയം ചിലവഴിച്ചു. ത ന്റെ 12-ാമത്തെ വയസ്സിൽ ഹൈസ്കൂളി ൽ ചേർന്ന താൻ അഞ്ചു വർഷങ്ങൾ ക്കു ശേഷം സെക്കുലർ പഠനവും ബൈബിൾ പഠനവും ഒരുപോലെ കൊണ്ടുപോയി. ഈ അവസരത്തിലാണ് താൻ മിസ്റ്റിസിസത്തെക്കുറിച്ച് കേട്ടത് ഇതിൻരെ സ്വാധീന ശക്തി അദ്ദേഹത്തിന്റെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റത്തിന് തിരികൊളുത്തി.

ഹൈസ്കൂൾ വിദ്യഭ്യാസത്തിനു ശേഷം ഉപരിപഠനാർത്ഥം അദ്ദേഹം യൂണിവേഴ്സിറ്റിയിൽ ചേർന്നു. അക്കാലത്ത് ജർമ്മനിയിലുണ്ടായിരുന്ന പയറ്റിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ ഫിലിപ്പ് സ്പെൻസറിന്റെ എഴുത്തുകൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. 18-ാം നൂറ്റാണ്ടിൽ ഹാലെയിൽ ആരംഭിച്ച മിഷനറി പ്രവർത്തനങ്ങൾ പയറ്റിസ്റ്റ് പ്രസ്ഥാനത്തിന്റെ അനന്തര ഫലമായിരുന്നു.

ഡൻമാർക്ക് രാജാവായിരുന്ന ഫ്രെഡറിക് നാലാമൻ ഇന്ത്യയിലേക്ക് പോകുവാൻ മിഷനറിമാരെ ആവശ്യപ്പെട്ടപ്പോൾ സ്വീഗൻബാൾഗ് അതിന് താൽപര്യം പ്രകടിപ്പിച്ചു. രാജാവിന്റെ പ്രത്യേക കൽപനപ്രകാരം സ്വീനാ ബാൾഗിനു ഓർഡിനേഷൻ നൽകി ഇന്ത്യയിലേക്ക് അയച്ചു. കപ്പൽ യാത്രചെയ്ത് 1706 ജൂലൈ 9-ന് സ്വീഗൻ ബാൾഗ് തന്റെ സുഹൃത്തുക്കളോടൊപ്പം തമിഴ്നാട്ടിലെ തരംഗംപാടിയിലെത്തിച്ചേർന്നു. ഇന്ത്യയിലെത്തിയ ഇവർക്ക് കാര്യമായ സ്വീകരണം ലഭിച്ചില്ല. മൂന്നു ദിവസം അവർ കപ്പലിൽ തന്നെ പാർത്തതിനു ശേഷമാണ് കരക്കിറങ്ങിയത്. ഇന്ത്യയിലേക്കുള്ള യാത്രാമദ്ധ്യേ പരിചയപ്പെട്ട ഒരു ഇന്ത്യക്കാരനും ഇന്ത്യയിലുണ്ടായിരുന്ന ജർമ്മൻ പടയാളികളുമാണ് അവരെ സഹായിച്ചത്. യൂറോപ്യരുടെ അടിമകളായി കഴിഞ്ഞിരുന്ന ജനങ്ങളോട് ഇവർക്ക് സഹതാപം തോന്നി. അടിമ കുട്ടികൾക്കായി ആദ്യത്തെ മിഷൻ സ്കൂൾ സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ ഫലമായി 1707 മെയ് 12-ാം തീയതി അഞ്ചു പേർക്ക് അദ്ദേഹം സ്നാനം നൽകി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഏറിയ പങ്കും ഗ്രാമീണരുടെ ഇടയിലായിരുന്നു. സ്വീഗൻ ബാൾഗിന്റെ ഏറ്റവും പ്രധാന നേട്ടം തമിഴിലേക്ക് ബൈബിൾ വിവർത്തനം ചെയ്തതാണ്. തന്റെ തമിഴ് പ്രസംഗം കേൾക്കാൻ ആയിരങ്ങൾ തടിച്ചു കൂടി.

1710-ൽ തരംഗംപാടിയിൽ ഒരു ബൈബിൾ സെമിനാരി ആരംഭിച്ചു. ഇതിനിടയിൽ താൻ ശ്രീലങ്ക സന്ദർശിക്കുകയും അവിടെയുള്ള ജർമ്മൻ കോളനിയിലെ ക്രൈസ്തവ പ്രവർത്തനത്തിന്റെ പേരിൽ ഡച്ച് ഗവർണറായിരുന്ന ഹാസിയസ് തന്നെ ജയിലിലടച്ചു. കാരാഗൃഹം തനിക്ക് വലിയ ദുർഘടമായിരുന്നു. നാലുമാസത്തെ കഠിന തടവിന് ശേഷം താൻ പറുത്തുവന്നു. ഒരു ദശാബ്ദത്തെ കർത്തൃസേവക്ക് ശേഷം സ്വീഗൻ ബാൾഗ് 1715-ൽ യൂറോപ്പിലേക്ക് മടങ്ങിപ്പോയി. 1715 ഡിസംബർ മാസത്തിൽ ഡൊക്കാത്തി എന്ന യുവതിയെ താൻ വിവാഹം ചെയ്തു. അനന്തരം ഇന്ത്യയിൽ തിരിച്ചെത്തിയ നവദമ്പതികൾ തരംഗംപാടിയിൽ പ്രവർത്തനം തുടർന്നു. തരംഗംപാടിയിൽ അനവധി പ്രശ്നങ്ങൾ താൻ നേരിട്ടു

സ്വീഗൻ ബാൾഗ് തന്റെ പ്രവർത്തനങ്ങൾ ഡച്ച് കോളനിയിൽ മാത്രം ഒതുക്കി നിർത്താതെ ഗൂഡല്ലൂർ, മദ്രാസ് എന്നിവിടങ്ങളിലും വ്യാപിച്ചു. രോഗിയും ക്ഷീണിതനുമായിത്തീർന്ന ആ വലിയ മനുഷ്യൻ തന്റെ 36-ാമത്തെ വയസ്സിൽ 1719 ഫെബ്രുവരി 23-ന് താൻ പ്രിയംവച്ചിരുന്ന വിശ്രാമസ്ഥലത്തേക്ക് യാത്രയായി.




കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർക്ക് പോസ്റ്റേജ് സൗജന്യം.

ഐപിസി സണ്ടേസ്കൂൾ അസോസിയേഷൻ
കുമ്പനാട് പ്രസിദ്ധീകരിച്ച
ഹിന്ദി / ഇംഗ്ലീഷ് (ദ്വിഭാഷ) സണ്ടേസ്കൂൾ
പുസ്തകങ്ങൾ (നഴ്സറി 1 ₹ 80,
നഴ്സറി 2 ₹ 80, ക്ലാസ് 1 ₹ 100)
ലഭ്യമാണ്.
ആവശ്യക്കാർ ബന്ധപ്പെടുക

Saji Mathew - 98205 60569
Moncy P. George - 97027 15909
Email : ipcms.sundayschool@gmail.com

# ക്രിസ്തുവിൻറെ ക്രൂശിൽ പങ്കാളിയാവുക



**ജാസ്മിൻ ഫിലിപ്പ്**

നാം എളുപ്പത്തിൽ സാധിക്കുമെന്നു കരുതി പതിവായി പ്രസംഗിക്കുകയും ഉപദേശിക്കുകയും അന്യോന്യം സംഭാഷണമധ്യേ പ്രസ്താവിക്കാറുമുള്ള ഒരു വാചക ശകലം ആണ് ക്രിസ്തുവിൻറെ ക്രൂശിൽ പങ്കാളിയാവുക എന്നത്. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുന്നേ യെരുശലേമിന്റെ തെരുവീഥിയിലൂടെ മരക്കുരിശുമേന്തി ഗോൽഗോഥാ മലമുകളിലേക്ക് നടന്നുകയറിയ കർത്താവിന്റെ പങ്കപ്പാടുകളെ ധ്യാനിക്കുകയും എന്തിനുവേണ്ടി അവൻ ആ കുരിശു സഹിച്ചു എന്നതിനെ ഓർത്ത് അവൻ സ്ഥാപിച്ച മേശമേൽ നിന്ന് അപ്പ വീഞ്ഞുകൾ ഭക്ഷിക്കുകയും ചെയ്യുന്നവരാണ് വിശ്വാസ സ്നാനം സ്വീകരിച്ചവർ ആയ വീണ്ടെടുക്കപ്പെട്ട വിശുദ്ധ ഗണം. പതിവായി ഇത് ആചരിക്കുന്നതുകൊണ്ടു നാം അവൻറെ ക്രൂശിന്റെ പങ്കാളിയായി തീർന്നുവോ?

യേശുക്രിസ്തുവിന്റെ ക്രൂശീകരണ സമയത്ത് കുരിശുമായി ഗോൽഗോഥയിലേക്ക് നടക്കുമ്പോൾ കുരിശു ചുമക്കുവാൻ കുറേനക്കാരനായ ശിമോനെ പടയാളികൾ നിർബന്ധിച്ചു. യേശുവിനു മാനവജാതിയുടെ വീണ്ടെടുപ്പിനായി പിതാവാം ദൈവത്താൽ ഏൽപ്പിക്കപ്പെട്ട ദൗത്യമായിരുന്നു അതെങ്കിൽ പക്ഷേ കുറേനക്കാരനായ ശിമോനെ സംബന്ധിച്ച് കുരിശു ചുമക്കേണ്ട ആവശ്യം തെല്ലും ഇല്ലായിരുന്നു. വെറും കാഴ്ചക്കാരനായിരുന്ന ശിമോനെ പടയാളികൾ യേശുവിൻറെ കുരിശു ചുമക്കാൻ ആയി നിർബന്ധിച്ചു. എന്തുകൊണ്ട് ഈ ദൗത്യത്തിന് ശിമോനെ തിരഞ്ഞെടുത്തു എന്നതിന് ദൈവവചനത്തിൽ തെളിവുകൾ കാണുന്നില്ല. എന്നാൽ വേദപണ്ഡിതന്മാർ പല വസ്തുതകൾ അഭിപ്രായപ്പെടുന്നുണ്ട്. ശിമോൻ കുറേനക്കാരനായിരുന്നു എന്നതിനാൽ ആരോഗ്യദൃഢഗാത്രനായ കറുത്ത വർഗ്ഗക്കാരനായിരുന്ന ആഫ്രിക്കക്കാരൻ ആണ് ശിമോൻ എന്നും യേശു ചാട്ടവാറടികൊണ്ട് രക്തം വാർന്നു ഗോൽഗോഥായിൽ ചെന്നു ക്രൂശിക്കപ്പെടുന്നതിന് മുമ്പ് വഴിയിൽ വെച്ച് മരിച്ചുപോയേക്കും എന്ന് ഭയന്നു ആരോഗ്യവാനായ ശിമോനെ കുരിശു ചുമക്കാൻ തിരഞ്ഞെടുത്തു എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ശിമോൻ യേശുവിൻറെ രഹസ്യ വിശ്വാസിയായിരുന്നു എന്നും അത് അറിയാമായിരുന്നവരിൽ ചിലർ ഒരുക്കിയ പദ്ധതിയാണെന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ട്. എന്തായാലും തിരുവചനത്തിൽ മൂന്നു സുവിശേഷങ്ങളിൽ ഓരോ വാക്യങ്ങളിൽ ശിമോനെ കുറിച്ച് പ്രതിപാദിക്കുമ്പോൾ പടയാളികളുടെ നിർബന്ധത്താൽ ക്രൂശു ചുമന്നു എന്നല്ലാതെ എങ്ങും അതിനുള്ള കാരണങ്ങൾ വിവരിക്കുന്നില്ല. യേശുവിന്റെ കുരിശ് ചുമക്കുക എന്നത് ശിമോൻ സ്വന്ത മനസ്സാലെ ഏറ്റെടുത്ത ഒരു കാര്യം അല്ലായിരുന്നു.യേശു ചുമന്ന കുരിശു ചുമക്കാൻ ശിമോൻ നിർബന്ധിക്കപ്പെടുകയായിരുന്നു. ചരിത്രകാരന്മാർ പറയുന്നത് അനുസരിച്ച് യേശു ചുമന്ന കുരിശിൻറെ ഭാരം ഏകദേശം 150 കിലോഗ്രാം വരെ ആയിരുന്നു. കുറുകെയുള്ള തടിക്കഷണം മാത്രമാണ് യേശു ചുമന്നത് എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്; അതിന് ഏകദേശം 50 കിലോഗ്രാം വരെ ഭാരം ഉണ്ടാവാം എന്നാണ് അനുമാനം. എന്ത് തന്നെയായാലും യേശു ചുമന്ന നല്ല ഭാരമുള്ള കുരിശ് ചുമക്കുവാൻ ശിമോൻ നിർബന്ധിക്കപ്പെട്ടു. എന്നാൽ യേശുവോ യേശുവുമായി ബന്ധപ്പെട്ട മറ്റാരുമോ ആ കുരിശു ചുമക്കേണ്ടതിന്നു ശിമോനെ നിർബന്ധിച്ചിട്ടില്ല. എത്രനേരം യേശുവിൻറെ കുരിശു അവൻ ചുമന്നു എന്നത് വേദപുസ്തകത്തിൽ പ്രസ്താവിച്ചിട്ടില്ല.ചുരുങ്ങിയ സമയമായാൽ കൂടി കർത്താവിന്റെ ക്രൂശിന്റെ പങ്കാളിയാകുവാൻ ശിമോൻ എന്ന കുറേനക്കാരന് ഭാഗ്യം ഉണ്ടായി .

ക്രിസ്തുവിൻറെ ക്രൂശിന് പങ്കാളികളാകുവാൻ ലോകം നമ്മെ നിർബന്ധിക്കും. ഈ കാലങ്ങളിൽ അനേകർ ക്രിസ്തുവിന്റെ നാമം നിമിത്തം ഇപ്രകാരം മറ്റുള്ളവരാൽ പീഡിപ്പിക്കപ്പെട്ടു ജയിലറകളിൽ മറ്റും അടയ്ക്കപ്പെടുന്നു, ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെടുന്നു. സഭയുടെ ആരംഭകാലം തൊട്ടേ ഇങ്ങനെയുള്ള പീഡകൾ ഉണ്ടായിരുന്നു. ഇപ്രകാരം പീഡകൾ നമുക്ക് ഉണ്ടാകുമ്പോൾ നാം ക്രിസ്തുവിൻറെ ക്രൂശിൽ പങ്കാളിയാവുന്നു എന്നത് വിസ്മരിക്കരുത്. വ്യക്തിപരമായി എനിക്കുവേണ്ടി കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിച്ച് പാപക്ഷമയും പുതുജീവനും പ്രാപിക്കുക എന്നത് മാത്രമല്ല ലൂക്കോസ് 9:23 ൽ പറയുന്നതുപോലെ തന്നെത്താൻ ത്യജിച്ചു നാൾതോറും അവനവൻറെ ക്രൂശ് എടുത്ത് കർത്താവിനെ അനുഗമിക്കുക എന്നതും നമ്മെ ക്രിസ്തുവിൻറെ ക്രൂശിൽ പങ്കാളിയാക്കുന്നു. നാം കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുകയും നമുക്ക് പകരം ക്രിസ്തു നമ്മിൽ ജീവിക്കുകയും ചെയ്യുന്നു എന്നുകൂടി ഈ പങ്കാളിത്തത്തിന് അർത്ഥമുണ്ട്. (ഗലാത്യർ 2:20) ഇത് അത്ര എളുപ്പമായ ഒരു കാര്യമല്ല. ക്രിസ്തു നമ്മിൽ ജീവിക്കുമ്പോൾ ആണ് ആത്മാവിൻറെ ഫലമായ ഒമ്പത് കൂട്ടം ഗുണങ്ങൾ നിറഞ്ഞ ഫലം പുറപ്പെടുവിക്കുകയുള്ളൂ. അതായത് ക്രിസ്തു നമ്മോട് ക്ഷമിച്ചതുപോലെ മറ്റുള്ളവരോട് ക്ഷമിക്കുക എന്നതും ആ പങ്കാളിത്തത്തിൽ പെ

# സെലിബ്രിറ്റി



**ഡോ. എബി പി. മാത്യു**

ലക്ഷക്കണക്കിന് ഭാരതീയർക്ക് അന്തിയുറങ്ങാൻ കൂരയില്ലാത്തപ്പോൾ ധനവാൻ ലാസറിനു കൊടുത്തതു പോലെ അപ്പക്കഷണങ്ങൾ ദൈവത്തിനും ചുറ്റിപ്പറ്റി നിൽക്കുന്നവർക്കും കൊടുത്ത്, നാട്ടിലെങ്ങുമില്ലാത്ത മണിമാളിക പണിത്, ദൈവാനുഗ്രഹം നാട്ടുകാരുടെ മുൻപിൽ പ്രദർശിപ്പിക്കുന്ന വിശ്വാസിയേ നിങ്ങൾ മൂഢ സ്വർഗ്ഗത്തിലാണ്. വിവരമുള്ളവർ പരിഹസിക്കും, ദൈവം ലജ്ജിക്കും. ലോകത്തിലെ ഏറ്റവും ധനവാന്മാരുടെ നിരയിലുള്ള വാറൻ ബഫറ്റ് താമസിക്കുന്നത് മൂന്നു മുറിയോ മറ്റോ ഉള്ള 50 വർഷം പഴക്കമുള്ള ഒരു സാധാരണ വീട്ടിൽ. താമസിക്കാൻ അതുമതി. മറ്റേതൊക്കെ പൊങ്ങച്ചമാണ്. വിവിരമില്ലായ്മയാണ്. അൽപൻ അർദ്ധരാത്രിക്കു കുടപിടിക്കും എന്നത് എത്രയോ സത്യം! അവരുടെ ദൈവം എന്നു വിളിക്കപ്പെടാൻ ദൈവം ലജ്ജിക്കാത്ത ഒരു കൂട്ടരെ എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിൽ കാണുന്നു. അവർക്കു പേരില്ല അവർ മേൽവിലാസം നഷ്ടമാക്കിയവരാണ്. വീടും നാടും സമ്പത്തും സൗകര്യങ്ങളും ധാരാളിത്തവും പ്രശസ്തിയും, സുഖലോലുപതയും, സുരക്ഷിതത്വവും അപമാനവും, ദാരിദ്ര്യവും, നിന്ദയും, കുടിലും ഈർച്ചവാളും. മരുഭൂമിയും തിരഞ്ഞെടുത്തതു ക്രൂശും മരണവും അത്രയുമൊക്കെയാകാൻ പറ്റിയില്ലെങ്കിലും ഇത്രയുമാകുന്നത് അൽപം ഭയങ്കരം തന്നെയാണ്.

മോശ നല്ല ഉദാഹരണമാണ് തന്റെ നൂറ്റിരുപതു വർഷത്തെ ജീവിതത്തെ നാൽപതു വർഷം വീതമുള്ള മൂന്ന് അദ്ധ്യായങ്ങളായി തിരിച്ചാൽ ഒന്നാമത്തേതു സമൃദ്ധിയുള്ളതാണ്. സ്വപ്നതുല്യമാണ് അതു അസൂയാവഹമാണ്. മോഹിച്ചതെല്ലാം ലഭ്യമാകുന്നതാണ് അല്ലലില്ലാത്തതാണ്. സുരക്ഷിതമാണ് രണ്ടാമത്തേതു സ്വന്തം കാര്യം നോക്കി ജീവിക്കുന്നതാണ്. അതു ജീവിതസമരത്തിന്റേതാണ്. സ്വയത്തിന്റെയും സ്വന്തം കുടുംബത്തിന്റെയും ആടുമാടുകളുടെയും കാര്യം മാത്രം നോക്കി സുഖസൗകര്യങ്ങൾ ലക്ഷ്യമാക്കിയുള്ള ഓട്ടമാണ്, അതിനിടയിൽ സംസാരത്തിനു പോലും പ്രസക്തിയില്ല. അങ്ങനെയായിരിക്കുമോ ഈജിപ്റ്റിലെ സർവോന്നത പരിശീലനങ്ങൾ ലഭിച്ചിരിക്കാൻ സാധ്യത ഉണ്ടായിരുന്ന മോശെക്കു സംസാരശേഷിയിൽ പ്രശ്നങ്ങളുണ്ടായത്. മൂന്നാമത്തെ അദ്ധ്യായത്തിന്റെ രത്നച്ചുരുക്കം എബ്രായർ 11:24 വരെ വാക്യങ്ങളിൽ കാണുന്നു. രാജകൊട്ടാരവും മഹത്വവും തിരസ്കരിച്ചു. ധനമാന സൗഭാഗ്യങ്ങൾ ഉപേക്ഷിച്ചു. കഷ്ടത തിരഞ്ഞെടുത്തു മിസ്രയീമിലെ സ്വർണ നിക്ഷേപങ്ങളുൾപ്പെടെയുള്ളവ ഉപേക്ഷിച്ച് ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി മിസ്രയീമിലെ സകല ചെറുപ്പക്കാരും ഒന്നു കാണാനെങ്കിലും കൊതിച്ച കൊട്ടാരം എന്നെന്നേക്കുമായി ഉപേക്ഷിച്ചു; മരുഭൂമി തിരഞ്ഞെടുത്തു. ലക്ഷക്കണക്കിനു പ്രശ്നക്കാരുടെ ഉത്തരവാദിത്വം ഏറ്റെടുത്തു മിസ്രയീമിലെ തേരും തേരാളികളും തോഴരും വേണ്ടെന്നുവെച്ച് ഒരു വടിമാത്രം കൈയിലെടുത്തു ശത്രുവായി.

ലോകത്തിന്റെ ദൃഷ്ടിയിൽ ഏത് അധ്യായമാണ് സ്വീകാരം ഒരു സംശയവുമില്ല, ഒന്നാം അദ്ധ്യായം തന്നെ. എന്നാൽ ഏത് അദ്ധ്യായമാണ് ദൈവം തിരഞ്ഞെടുത്തത്? എബ്രായർ 11-ൽ മോശെയുടെ സ്ഥാനത്തിനും കാരണമായി പറയുന്നത് ഒന്നും, രണ്ടും അദ്ധ്യായങ്ങളല്ല വേദപുസ്തകത്തിലെ സെലിബ്രിറ്റികളുടെ ഗണത്തിൽ മോശെക്കുള്ള സ്ഥാനം നൽകിയത് അദ്ദേഹത്തിന്റെ ജീവിതത്തിലെ മൂന്നാം അദ്ധ്യായമാണ്. മോശെയുടെ രാജകൊട്ടാര ജീവിതം വിവരിക്കാൻ ഒരു വാക്യവും (പുറ. 2:10) മിദ്യാനിലെ ജീവിതം വിവരിക്കാൻ രണ്ടു വാക്യവും (പുറ. 2:21-22) മാറ്റിവെച്ചിരിക്കുമ്പോൾ മരുഭൂമിയിലുള്ള മോശെയുടെ നേതൃത്വത്തിലുള്ള യാത്ര വിവരിക്കാൻ പുസ്തകങ്ങൾ തന്നെയാണ് വേദപുസ്തകത്തിൽ മാറ്റിവെച്ചിരിക്കുന്നത്. മാത്രമല്ല, നിഴലും പൊരുളുമായി വേദപുസ്തകം മുഴുവൻ അതു നിറഞ്ഞു നിൽക്കുന്നു.

ലോകത്തിന്റെ കൊട്ടാരം വിട്ടു ദൈവത്തിനായി കഷ്ടത തിരഞ്ഞെടുത്ത മൂന്നാം അദ്ധ്യായം മോശെയുടെ ജീവിതത്തിലെ മാത്രമല്ല ലോകചരിത്രത്തിലെ തന്നെ അവിസ്മരണീയമായ അദ്ധ്യായങ്ങളിലൊന്നാണ്. ലോകത്തിന്റെ വൻസങ്കേതങ്ങളും സൗഭാഗ്യങ്ങളും നിറപ്പകിട്ടുകളും ദൈവീകാനുഗ്രഹമെന്നു കരുതുന്നവരെ, അതു പഠിപ്പിക്കുന്നവരെ മോശെയോടു നിങ്ങളുടെ സംവാദം എന്താണ് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ച യേശുവിനോടുള്ള നിങ്ങളുടെ 'ഉപദേശം' എന്താണ്? കണ്ണ് തുറക്കില്ലേ?

## ക്രിസ്തുവിൻെറ ക്രൂശിൽ ....

ടുന്നു. സ്നേഹിക്കുന്നതിലൂടെ, ദയ കാണിക്കുന്നതിലൂടെ, പരോപകാരത്തിലൂടെ അങ്ങനെ എല്ലാ ആത്മഫലം പുറപ്പെടുവിക്കുന്നതിലൂടെ നാം അവന്റെ ക്രൂശിന്റെ പങ്കാളികളാകുന്നു. ക്രിസ്തുവിൻെറ ക്രൂശിൽ പങ്കാളികളാകും തോറും സന്തോഷിക്കുവിൻ (1 പത്രോസ് 4:13) എന്ന ദൈവവചനം ഓർമിപ്പിക്കുന്നത് പോലെ ലോകം നമ്മെ അതിനായി നിർബന്ധിച്ച് തള്ളിയിട്ടാൽ നമ്മൾ മക്കൾ ആകുന്നതുകൊണ്ട് പിതാവിനുള്ള സകലത്തിലും അവകാശികൾ ആകുന്നതുകൊണ്ടു ക്രിസ്തുവിലുള്ള കഷ്ടതയിലും അവകാശികൾ ആകുന്നു എന്നോർത്ത് സന്തോഷിക്കുന്നവർ ആകണം. ക്രിസ്തുവിൻെറ കഷ്ടങ്ങൾ നമ്മിൽ പെരുകുമ്പോൾ അവനാൽ ആശ്വാസവും നമ്മിൽ പെരുകി വരും.

# ഒരു വീട്ടിലെ രണ്ടു പാചകങ്ങൾ

**Pr. Biju P. Samuel, West Bengal**



ബംഗാളിലെ ഒരു ഗ്രാമത്തിലെ വീട്ടിൽ ഞങ്ങൾ ഒരിക്കൽ ചെന്നു. വീട്ടുകാരൻ ആരെയും കൂസാത്ത സ്വഭാവക്കാരൻ ആയിരുന്നു. സ്വന്തം ഭാര്യയെപ്പോലും അവളുടെ സമ്മതമില്ലാതെ ഭീഷണിപ്പെടുത്തി വീട്ടിൽനിന്നു വിളിച്ചുകൊണ്ടുവന്ന ആളായിരുന്നു അദ്ദേഹം.

ജീവിതയാത്രയിൽ എപ്പോഴോ അദ്ദേഹം യേശുവിനെ കണ്ടുമുട്ടിയെങ്കിലും മക്കളുമായി അത്ര ചേർച്ചയിൽ ആയിരുന്നില്ല.

ഞങ്ങൾ അവിടെ ചെല്ലുമ്പോൾ ആ വീട്ടിൽ രണ്ടു പാചകങ്ങളായിരുന്നു. അപ്പനും അമ്മയും പാചകത്തിനായി അവരുടെ അടുക്കള ഉപയോഗിച്ചിരുന്നു. മകനും ഭാര്യയും അവരുടെ ചെറിയ മുറിയിൽ തങ്ങൾക്കു വേണ്ടിയും പാചകം ചെയ്തിരുന്നു.

ഒരു കൂരയ്ക്കു കീഴിൽ സ്നേഹത്തോടെ ഒരുമിച്ചു കഴിയേണ്ടവർ ഒരേ വീട്ടിൽ രണ്ടു പാചകം നടത്തി അകന്നു കഴിയുന്നതു ഞങ്ങളെ സങ്കടപ്പെടുത്തി. പലപ്രാവശ്യം അവരുമായി സംസാരിച്ചു. മകനാണെങ്കിൽ ഫുട്ബോൾ ‘പ്രാന്തൻ. അപ്പനു അക്ഷരാഭ്യാസം പോലും ഇല്ല. എന്നാൽ ദൈവകൃപയാൽ അപ്പനും മകനും തമ്മിൽ അനുരഞ്ജനം ഉണ്ടായി. അല്പസ്വല്പം സുവിശേഷ പ്രവർത്തനങ്ങൾ ഒക്കെയായി ആ കുടുംബം സന്തോഷത്തോടെ ഇന്നും കഴിയുന്നു.

‘വിഭജിച്ചു ഭരിക്കുക’ (Divide & Rule) എന്നതു എപ്പോഴും സാത്താന്റെ പഴയ തന്ത്രമാണ്.

അന്ത:ഛിദ്രമുള്ള എല്ലാ രാജ്യവും തകർന്നു പോകും. പട്ടണമോ ഭവനമോ തന്നിൽതന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കാതെ ശൂന്യമായി പോകും എന്നല്ലേ കർത്താവും പഠിപ്പിച്ചത്? (മത്തായി 12:25,26).

സഭയുടെ കാര്യത്തിലും അതേ നിയമം തന്നെയാണുള്ളത്.

ദൈവം അനുരഞ്ജനത്തിന്റെ (reconciliation) ദൈവമാണ്. യേശുക്രിസ്തുവിലൂടെ ദൈവം ഈ ലോകത്തെ തന്നോടു നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷ ഭരമേൽപ്പിക്കപ്പെട്ടവർ ഭിന്നിപ്പിന്റെ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നത് എത്ര പരിതാപകരമാണ് (2 കൊരി. 5:1819).

അടിസ്ഥാന വിദ്യാഭ്യാസം പോലുമില്ലാത്ത ഗ്രാമവാസികൾ കർത്താവിൽ ഒരുമിക്കുന്നു. വിദ്യാസമ്പന്നരും നൂറ്റാണ്ടിന്റെ വചനപാരമ്പര്യം അവകാശപ്പെടുന്നവരുമായ നമ്മൾ എത്ര അധികം ഏകാത്മാവിൽ നടക്കേണ്ടവരാണ്.

ഉയിർപ്പിന്റെ പ്രത്യാശ നഷ്ടപ്പെട്ടവരെ ‘ബുദ്ധിഹീനർ‘ എന്നാണു കർത്താവു വിളിച്ചത് (ലൂക്കോ. 24). എന്നാൽ ആ വിളി കേൾക്കാനും മനസ്സിലാക്കാനും കർത്താവു നമ്മുടെ കൂടെ ഉണ്ടായിരിക്കണം.

യേശുകർത്താവിൽനിന്നു പ്രാപിച്ച ഉത്തേജനത്തിന്റെ ഒരു കണികയെങ്കിലും നമ്മിലുണ്ടെങ്കിൽ, ശാഠ്യവും ദുരഭിമാനവും വെടിഞ്ഞ് സ്നേഹത്തിലും ഐക്യത്തിലും പോകണമെന്നല്ലേ പൗലോസ് അപ്പോസ്തലനും പ്രബോധിപ്പിക്കുന്നത്? (ഫിലി. 2:13).

അല്പംപോലും ബുദ്ധിയില്ലെന്നു നാം കരുതുന്ന ഒരു കഴുത,ഒരു പ്രവാചകന്റെ ഭ്രാന്തിനു കടിഞ്ഞാണിട്ടതായി വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു (2 പത്രോസ് 2:15,16).



മിഷ്യൻ ചിന്തകൾ

# ക്രിസ്തീയ പീഢനങ്ങൾ വേദപുസ്തക വെളിച്ചത്തിൽ

*ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും. 2 തിമോ. 3:12*

ക്രിസ്തീയ സഭയുടെ ആരംഭം മുതൽ ക്രിസ്ത്യാനികൾ പീഢിപ്പിക്കപ്പെട്ടു. എന്നാൽ അവർ അവരുടെ വിശ്വാസം തള്ളിപറഞ്ഞില്ല. സഭയുടെ അരുമനാഥനായ യേശു തന്നെ ഏറ്റവുമധികം പീഢിപ്പിക്കപ്പെടുകയും ക്രൂശിലെ മരണം വരിക്കുകയും ചെയ്തു. യേശു ഈ ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോടു പീഢനത്തെപ്പറ്റി പറഞ്ഞതു ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്.

ലോകം നിങ്ങളെ പകക്കുന്നു എ ങ്കിൽ അതു നിങ്ങൾക്കു മുൻപേ എന്നെ പകച്ചിരിക്കുന്നു എന്നറിവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നും തിരഞ്ഞെടുത്തതു കൊണ്ടു ലോകം നിങ്ങളെ പകക്കുന്നു. യോഹ. 15:18-19. യേശുവിന്റെ പർവ്വത പ്രസംഗങ്ങളിലും തന്റെ ശിഷ്യന്മാരെ ഈ വിഷയം പറഞ്ഞ് ഓർമ്മിപ്പിക്കുന്നതു ശ്രദ്ധേയമാണ്. നീതി നിമിത്തം ഉപദ്രവിക്കപ്പെട്ടവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളതു. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ, നിങ്ങൾക്കു മുമ്പേ ഉണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ? (മത്താ. 5:10-12).

യേശു ഒരിക്കലും സുഗമമായ ഒരു ക്രിസ്തീയ ജീവിതം വാഗ്ദാനം ചെയ്തിട്ടില്ല. ലോകം യേശുനാഥനെ ത്യജിച്ചു മാത്രമല്ല തന്റെ ശിഷ്യന്മാരെയും ത്യജിക്കുകയുണ്ടായി. അപ്പോസ്തലന്മാർ കർത്താവിനുവേണ്ടി കഷ്ടം സന്തോഷത്തോടുകൂടി അനുഭവിച്ചതു വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണമായി ദാനിയേൽ എന്ന ഭക്തൻ രാജകൽപന ഗണ്യമാക്കാതെ ദൈവത്തോടു പ്രാർത്ഥിച്ചു. ഫലം സിംഹക്കുഴിയിലേക്കു എറിയപ്പെട്ടു. അവിടെയും താൻ ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് ദൈവം സിംഹക്കുഴിയിലേക്ക് ഇറങ്ങിവന്നു (ദാനിയേൽ 6-ാം അദ്ധ്യായം). മറ്റൊരു ഉദാഹരണവും കൂടെ എടുത്തുകാട്ടുവാൻ ആഗ്രഹിക്കുന്നു. അതു മറ്റാരുമല്ല സ്തേഫാനോസ് ആണ്. താൻ ധൈര്യത്തോടെ പ്രസംഗിച്ചു മാത്രമല്ല തന്നെ കല്ലെറിഞ്ഞവരോടു ക്ഷമിച്ചു. അതുകൊണ്ടു താൻ ദൈവത്തിന്റെ മഹിമ കണ്ടു (അ.പ്ര. 7).

തന്റെ ശിഷ്യന്മാരായ നാമെല്ലാവരുടെയും പ്രതികരണം ഇപ്രകാരം ആയിരിക്കണമെന്നു യേശു കർത്താവു ആഗ്രഹിക്കുന്നു. മത്താ. 5:44-45 ഞാനോ നിങ്ങളോട് പറയുന്നത് "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നെ. ദൈവം ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും സൂര്യൻ ഉദിപ്പിക്കുകയും നീതിനാമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ". ഇത്ര നല്ലവനായ ദൈവത്തെ മറ്റുള്ളവർക്കു പരിചയപ്പെടുത്തി കൊടുക്കുന്നതിൽ നിന്നും നാമൊരിക്കലും പിന്മാറരുത്. അപ്പോസ്തലന്മാർ തിരുനാമം നിമിത്തം അപമാനം സഹിക്കാൻ യോഗ്യരായി എണ്ണപ്പെടുകായൽ അവർ സന്തോഷത്തോടുകൂടെ ന്യായാധിപ സംഘത്തിന്റെ മുൻപിൽ നിന്നും പുറപ്പെട്ടുപോയി. പിന്നെ അവർ ദിനംപ്രതി ദേവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആദിമ സഭയിൽ വളരെ പീഢകളുണ്ടായിരുന്നെങ്കിലും അവർ സുവിശേഷമറിയിക്കുന്ന ദൗത്യത്തിൽ നിന്നും പിന്മാറിയില്ല എന്നകാര്യം ഇവിടെ വ്യക്തമായി കാണാൻ കഴിയും. ഈ ലോകത്തിലെ കഷ്ടങ്ങൾ സാരമില്ല കാരണം ദൈവീക അനുഗ്രഹങ്ങൾ നിത്യമാണ് എന്നവർ മനസിലാക്കി. നീ സഹിപ്പാനുള്ളതു പേടിക്കേണ്ട നിങ്ങളെ പരീക്ഷിക്കേണ്ടതിനു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു. പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും മരണപര്യന്തം വിശ്വസ്തനായിരിക്ക. എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും (വെളി. 2:10) എന്നു വെളിപ്പാടു പുസ്തകത്തിൽ നമുക്കു കാണുവാൻ കഴിയും. ക്രിസ്തീയ പീഢകളിൽ തളർന്നു പോകാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കാം.

പ്രിയമുള്ളവരെ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവച്ച് അതിശയിച്ചുപോകരുത്, ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും (1 പത്രോ. 4:12-13) ഈ വലിയ പ്രത്യാശയോടെ മുന്നേറുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●



**Evg. Varghese Kollakompil**
Mission Director
IPC Maharashtra

# HEBRON BIBLE COLLEGE

## ESTABLISHED IN 1992




**Vision :**
**Light up the villages of Maharashtra through living word.**

Fully owned and managed by IPC Maharashtra State

- Diploma in Theology (D.Th)
  Hindi Medium - 2 Years full time course.
- Food and accommodation free
- Day scholars are indeed permitted from in and around Panvel

**34 Years of God's Faithfulness**

**Admission open**

| Pr. P.M. Cherian | Pr. K.M. Varghese | Pr. K.A. Mathew | Evg. Varghese Kollakompil |
|---|---|---|---|
| *President* | *Vice-President* | *Secretary)* | *Administrator* |
| 9665064190 | 9822112368 | 9004053473 | 9821332273 |




# PRAY FOR IPC MAHARASHTRA STATE

## Pray for

- 476 Churches
- 476 Pastors
- 406 Prayer Cells
- 421 House churches
- Upcoming Church buildings and parsonages
- Hebron Bible College
- Suvartha Publications
- Tracts & Literature Ministry
- Sunday School, PYPA, Ladies Association
- 28 Primary Schools and Balwadies in the Villages

SUVARTHA - Registered with Registrar of News Papers for India Under Licence No. 56985-93

## Scenes from different districts of IPC Maharashtra















